ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ ഏജൻസികളിൽ നിന്നോ സംഘടനകളിൽ നിന്നോ നേരിട്ട് കടമായി പണം എടുത്തിട്ടില്ല. എന്നാൽ വിദേശ സഹായ പദ്ധതികൾ മുഖേന ചില വിദേശരാജ്യങ്ങളുടെ സഹായം ലഭിച്ചിട്ടുണ്ട്. ഇത് പ്രകാരം നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന് 3.47 കോടി രൂപയും കേരള ഫോറസ്ട്രി പ്രോജക്ടിന് 45.15 കോടി രൂപയും ലഭിച്ചിട്ടുണ്ട്. വിദേശ സഹായ പദ്ധതികൾ മുഖേനയുള്ള സഹായം നമുക്ക് നേരിട്ട് ലഭിക്കാറില്ല. ഇത് കേന്ദ്രഗവൺമെന്റ് വഴിയാണ് ലഭിക്കുന്നത്. അവർ ലഭിക്കുന്ന തുക ലോണായും ഗ്രാന്റായും ഒരു നിശ്ചിത അനുപാതത്തിൽ നമുക്ക് കൈമാറുന്നു. ഇതിന്റെ വ്യവസ്ഥകളും വിശദാംശങ്ങളുമൊക്കെ കേന്ദ്രഗവൺമെന്റാണ് തീരുമാനിക്കുന്നത്.

വേയ്സ് ആന്റ് മീൻസ് അഡ്വാൻസ്

5 (389) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-96 കാലയളവ് മുതൽ ഓരോ സാമ്പത്തികവർഷവും എത്ര തവണ വീതം വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തുവെന്നും ഓരോ വർഷവുമെടുത്ത വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് തുക എന്തായിരുന്നുവെന്നും അറിയിക്കാമോ ;

(ബി) സംസ്ഥാന ഗവൺമെന്റ് ഏറ്റവും ഒടുവിൽ വേയ്സ് ആന്റ് മീൻസ് അഡ്വാൻസ് എടുത്തത് എന്നാണെന്നും ഇത് എന്ത് തുകയ്ക്കായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും എത്ര തവണ വീതം ഓവർഡ്രാഫ്റ്റ് എടുത്തുവെന്നും ഓരോ വർഷവും എടുത്ത തുക എന്തായിരുന്നുവെന്നും വിശദമാക്കാമോ ;

(ഡി) ഏറ്റവും ഒടുവിൽ സംസ്ഥാന ഗവൺമെന്റ് ഓവർഡ്രാഫ്റ്റ് ഉപയോഗപ്പെടുത്തിയത് എന്നാണെന്നും ഇത് എന്ത് തുക വരുമെന്നും അറിയിക്കാമോ ;

(ഇ) 10-7-2000-ൽ സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റേയും അതോടനുബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെയും കോപ്പി ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനത്തെ ട്രഷറി നിയന്ത്രണം എന്ത് ഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1995-96-ൽ ഇല്ല.
1996-97-ൽ 5 ദിവസം 108.16 കോടി രൂപ
1997-98-ൽ 41 ദിവസം 273.41 "
1998-99-ൽ 173 ദിവസം 1,634.01 "
1999-00-ൽ 201 ദിവസം 12,540.39 "
2000-2001-ൽ 69 ദിവസം 1,723.02 "
(ജനുവരി 2001 വരെ)

(ബി) 15-02-2001-ൽ 217.68 കോടി രൂപ

(സി) 1995-96-ൽ ഇല്ല.
1996-97-ൽ 1 തവണ 4.46 കോടി രൂപ
19967-98-ൽ ഇല്ല.
1998-99-ൽ 7 തവണ 626.69 കോടി രൂപ
1999-00-ൽ 20 തവണ 1,344.15 "
2000-2001-ൽ 16 തവണ 2,133.50 "
(ഡിസംബർ 2000 വരെ)

(ഡി) 14-02-2001-ൽ 2,99,57,446 കോടി രൂപ

(ഇ) ഇല്ല.

(എഫ്) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

സാമ്പത്തിക പ്രതിസന്ധി

6 (390) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് വിവിധ മേഖലകളിൽ സാമ്പത്തിക അച്ചടക്കം നിലനിർത്തുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly